2026
JANUARY
30
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ‘വാരിക്കോരി’ പ്രഖ്യാപിച്ച ക്ഷേമബജറ്റ്

**തിരുവനന്തപുരം:** ക്ഷേ മ പദ്ധതികൾക്ക് മുൻഗണന നൽകി രണ്ടാം പിണറായി സർക്കാരിന്റെ അവസാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ അവതരിപ്പിച്ചു. 1.82 ലക്ഷം കോടി രൂപ റവന്യൂ വരവും 2.4 ലക്ഷം കോടി രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്ന താണ് ബജറ്റ്. എഫക്ടീവ് മൂലധന ചെലവ് 30961.48 കോടി രൂപയും റവന്യൂ കമ്മി 34,587 കോടി രൂപ (സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.12 ശതമാനം) യും ധനക്കമ്മി 55,420 കോടി (ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.4 ശതമാനം) യുമാണ്. റവന്യൂ വരുമാനത്തിൽ 45,889.49 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

തനത് നികുതി വരുമാനത്തിൽ 10,271.51 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 1595.05 കോടി രൂപയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു.

## ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ

അങ്കണവാടി വർക്കർമാരുടെ പ്രതിമാസ വേതനം 1000 രൂപയായും ഹെൽപ്പർമാരുടെ പ്രതിമാസ വേതനം 500 രൂപയായും ഉയർത്തി

ആശ വർക്കർമാരുടെ പ്രതിമാസ വേതനം 1000 രൂപ ഉയർത്തി

പ്രീപ്രൈമറി അധ്യാപകരുടെ പ്രതിമാസ വേതനം 1000 രൂപ ഉയർത്തി.

സ്കൂൾ പാചക തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 25 രൂപ വർധിപ്പിച്ചു.

സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ വേതനം 1000 രൂപ ഉയർത്തി

കരാർ/ദിവസവേതന ജീവനക്കാരുടെ പ്രതിദന വേതനത്തിൽ 5 ശതമാനം വർധനവ് വരുത്തി

പത്രപ്രവർത്തക പെൻഷൻ പ്രതിമാസം 1500 രൂപ വർധിപ്പിച്ചു

ലൈബ്രേറിയൻമാരുടെ പ്രതിമാസ അലവൻസിൽ 1000 രൂപ വർധിപ്പിച്ചു

കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയ രോഗബാധിതരുടെ പ്രതിമാസ പെൻഷൻ 1000 രൂപ വർധിപ്പിച്ചു.

12ാം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിച്ചു. 3 മാസത്തിനകം റിപ്പോർട്ട് വാങ്ങി സമയബന്ധിതമായി നടപ്പാക്കും.

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവശേഷിക്കുന്ന ഡിഎ, ഡിആർ ഗഡുക്കൾ പൂർണമായും നൽകും.

ഒരു ഗഡു ഡിഎ ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം, അവശേഷിക്കുന്ന ഡിഎ, ഡി.ആർ ഗഡുക്കൾ മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം.

ഡിഎ, ഡിആർ കുടിശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കും. ആദ്യ ഗഡു ബജറ്റ് വർഷം നൽകും.

സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് സ്കീം പുനസ്ഥാപിക്കും.

പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി ഏപ്രിൽ ഒന്നു മുതൽ.

അഷ്വേർഡ് പെൻഷനിൽ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനം തുക പരമാവധി പെൻഷൻ ഉറപ്പാക്കും.

അഷ്വേർഡ് പെൻഷനിൽ ഡിആർ അനുവദിക്കും.

മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ സ്മരണയ്ക്കായി തിരുവനന്തപുരത്ത് വി.എസ്. സെന്റർ സ്ഥാപിക്കുന്നതിന് 20 കോടി.

കട്ടപ്പന തേനി തുരങ്കപാതയുടെ സാധ്യതാ പഠനത്തിന് 10 കോടി

ഇസ്ലാമിക പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായിരുന്ന ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ പേരിൽ പൊന്നാനിയിൽ ചരിത്ര ഗവേഷണ സെന്റർ സ്ഥാപിക്കാൻ മൂന്നുകോടി രൂപ.

അയ്യങ്കാളി പഠന കേന്ദ്രത്തിന് 1.5 കോടി

കാവാരികുളം കണ്ടൻ കുമാരൻ പഠന കേന്ദ്രത്തിന് 1.5 കോടി

മാർ ഇവാനിയോസ് മ്യൂസിയത്തിന് 1.5 കോടി

ജില്ലാ ആശുപത്രികളിൽ മെനോപോസ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ മൂന്നു കോടി

കുടുംബശ്രീ ഉത്പന്നങ്ങളുടെ പ്രചാരണവും വിതരണവും ലക്ഷ്യമിട്ട് മാർക്കറ്റിംഗ് വിതരണ ശൃംഖലയ്ക്ക് 22.27 കോടി.

റോഡപകടത്തിൽപ്പെടുന്നവർക്കായി ലൈഫ് സേവർ പദ്ധതി. ആദ്യത്തെ അഞ്ചു ദിവസം പണരഹിത ചികിത്സ.

അപൂർവ്വയിനം രോഗങ്ങൾക്കുള്ള ചികിത്സാ പദ്ധതിയായ KAREൽ സ്പൈനൽ മസ്കുലാർ അട്രോഫി രോഗത്തിന് മരുന്ന് ലഭ്യമാക്കാൻ 30 കോടി.

തിരുവനന്തപുരം അങ്കമാലി എം.സി റോഡ് വികസനത്തിന് 5217 കോടി രൂപയുടെ കിഫ്ബി പദ്ധതി.

കിളിമാനൂർ, നിലമേൽ, ചടയമംഗലം, ആയൂർ, പന്തളം, ചെങ്ങന്നൂർ പട്ടണങ്ങളിൽ ബൈപാസുകൾ. വിവിധ ജംഗ്ഷനുകളുടെ വികസനവും പദ്ധതിയുടെ ഭാഗം.

തിരുവനന്തപുരം കാസർഗോഡ് റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതി പ്രാരംഭ പ്രവർത്തനങ്ങൾക്കായി 100 കോടി.

ധനകാര്യ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിന് കൊച്ചിയിൽ ഫിനാൻസ് ടവർ സ്ഥാപിക്കും.

വിൽപ്പനനികുതി ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങളെ ജിഎസ്ടി സമ്പ്രദായത്തിലെ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങളാക്കും.

കാർഷിക, അനുബന്ധ മേഖലയ്ക്ക് 2071.95 കോടി.

മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്ക് 3,720 കോടി

മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിക്ക് 400 കോടി

ക്ഷേമപെൻഷൻ നൽകുന്നതിനായി 14,500 കോടി

നികുതിദായകരെ ആദരിക്കാനും പുരസ്കാരം നൽകുന്നതിനും അഞ്ചു കോടി

കേരളത്തിലെ എല്ലാ പൗരന്മാർക്കും നേറ്റിവിറ്റി കാർഡ് നൽകുന്ന പദ്ധതിയ്ക്ക് 20 കോടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികളുടെ ക്ഷേമത്തിനായി ക്ഷേമനിധി രൂപീകരിക്കും.

വിഴിഞ്ഞം തുറമുഖത്തുനിന്നും ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന റെയർ എർത്ത് കോറിഡോർ ചവറയിൽ സ്ഥാപിക്കും. ഇതിലൂടെ 42,000 കോടി രൂപയുടെ നിക്ഷേപങ്ങളും 50,000 കോടിയുടെ തൊഴിലവസരങ്ങളും സൃഷ്ടിക്കും.

ക്രിട്ടിക്കൽ മിനറൽ മിഷന് 100 കോടി.

പ്രതിരോധ ഇടനാഴിയ്ക്ക് 50 കോടി

പി.പി.പി മാതൃകയിൽ കൊച്ചി ഇൻഫോ പാർക്കിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും മറ്റ് സാങ്കേതികവിദ്യകളും ചേർന്ന സൈബർ വാലിയ്ക്ക് 30 കോടി.

തൊഴിൽ പരിശീലനത്തിനും നൈപുണി സമ്പാദനത്തിനും ആഗോള സ്കൂളിന് 10 കോടി.

വർക്ക് നിയർ ഹോം വ്യാപിപ്പിക്കുന്നതിന് 150 കോടി.

ഗോത്ര മേഖലകളിലെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി 60 കോടി ചെലവിൽ സ്പെഷ്യൽ എന്റിച്ച്മെന്റ് പദ്ധതിക്ക് 60 കോടി.

കേരള കലാകേന്ദ്രം സ്ഥിരം വേദികൾ സ്ഥാപിക്കാൻ 10 കോടി

ഗിഗ് തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ഗിഗ് ഹബ് 20 കോടി.

പഴയ പെട്രോൾ, ഡീസൽ ഓട്ടോറിക്ഷകൾ പൊളിച്ച് ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് ഒറ്റത്തവണ സ്ക്രാപ്പേജ് ബോണസ് 40,000 രൂപ.






## ഇന്നത്തെ പരിപാടി

**കൊച്ചി**

**എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ :** എറണാകുളം ഓർത്തഡോക്സ് ഗോസ്പെൽ കൺവെൻഷൻ – മെൽതോ 2026 – ഉദ്ഘാടനം വൈകിട്ട് 6.40ന്.

**എറണാകുളം ശിവക്ഷേത്രം :** തിരുവുത്സവം – ആറാട്ട് – സംഗീത കച്ചേരി, മസാല കോഫി ബാന്റ് അവതരിപ്പിക്കുന്ന സംഗീത പരിപാടി – വൈകിട്ട് 6 മുതൽ.

**അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് :** ഇന്ത്യൻ നോളജ് സിസ്റ്റംസ് ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാധവ ടു മോഡേർനിറ്റി അന്താരാഷ്ട്ര സിമ്പോസിയം. രാവിലെ 10 മണി മുതൽ വൈകിട്ട് 4 വരെ.

**എറണാകുളം മറൈൻഡ്രൈവ് വിവാന്ത ഹോട്ടൽ :** അന്താരാഷ്ട്ര മാരിടൈം സെമിനാർ – രാവിലെ 10ന്.

**തൃപ്പൂണിത്തുറ**

**തൃപ്പൂണിത്തുറ സീതാറാം കലാമന്ദിർ :** പരമ്പരിക് സിൽക്ക് ആൻഡ് കോട്ടൺ എക്സ്പോ – രാവിലെ 10 മുതൽ.

**ആലുവ**

**ആലുവ വൈഎംസിഎ ഹാൾ :** അറബിക് മുൻഷീസ് അസോ. സംസ്ഥാന സമ്മേളനം – രാവിലെ 10.30ന്.

**കോലഞ്ചേരി**

**നീറാമുകൾ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് കത്തീഡ്രൽ :** പെരുന്നാൾ – രാത്രി 7ന്.

## കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ഒഴിവ്

**ചെങ്ങന്നൂർ:** പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജൻഡർ റിസോഴ്സ് സെന്ററിലെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണ് ഉള്ളത്. യോഗ്യത വുമൺ സ്റ്റഡീസ്/ജൻഡർ സ്റ്റഡീസ്, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദമുള്ള വനിത ആയിരിക്കണം.

കൗൺസലിങ്ങിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 13. അപേക്ഷ നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. അപേക്ഷ അയക്കേണ്ട വിലാസം: ശിശുവികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ്.പ്രോജക്റ്റ് ഓഫീസ്, പട്ടണക്കാട് പിൻ 688531. ഫോൺ നമ്പർ 9447591853

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 202526 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനായി ജാഗ്രത സമിതി മെച്ചപ്പെടുത്തുന്നതിനും ബോധവൽക്കരണം, കൗൺസലിങ് മുതലായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ജൻഡർ റിസോഴ്സ് സെന്റർ എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

## ഹിന്ദി, ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷാപ്രാവീണ്യ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന കേരള ലാംഗ്വേജ് നെറ്റ്വർക്ക് ഇരിഞ്ഞാലക്കുട സബ് സെന്ററിൽ സ്പോക്കൺ ഹിന്ദി, ഇംഗ്ലീഷ്, ഫ്രഞ്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.

മൂന്നു മാസത്തേതാണ് കോഴ്സ്. ആഴ്ചയിൽ അഞ്ചു മുതൽ ആറുവരെ മണിക്കൂർ ക്ലാസുണ്ടാവും. വിദ്യാർത്ഥികൾക്കും ജോലിചെയ്യുന്നവർക്കും സൗകര്യപ്രദമായ വിധത്തിലാവും സമയക്രമം. ദൈനംദിന ജീവിതത്തിലും തൊഴിൽരംഗത്തും പ്രായോഗികമായി ഹിന്ദിയും ഇംഗ്ലീഷും ഫ്രഞ്ചും സംസാരിക്കാൻ സഹായിക്കുന്ന രീതിയിലാണ് കോഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്.

പ്ലസ് ടു വിജയിച്ചവരാകണം അപേക്ഷകർ. 3500 രൂപയാണ് കോഴ്സ് ഫീ. അപേക്ഷിക്കാൻ പ്രായപരിധി ഇല്ല. താൽപര്യമുള്ളവർ പേര്, പ്രായം, ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യത എന്നീ വിവരങ്ങൾ സഹിതം 2026 ഫെബ്രുവരി 5നകം അപേക്ഷിക്കണം. ഇമെയിൽ: klnirinj@gmail.com. ഫോൺ: 9388460098

ഇരിഞ്ഞാലക്കുട സബ് സെന്റർ, എസ് എൻ നഗറിലെ എസ് എൻ ഡി പി യൂണിയൻ ഓഫീസ് കെട്ടിടത്തിലാണ് കോഴ്സുകൾ നടക്കുക.

## ബജറ്റല്ല, തോൽവി മുന്നിൽ കണ്ടുള്ള വാചക കസർത്ത് : സാബു എം ജേക്കബ്


ഫയൽ ചിത്രം

**കൊച്ചി:** വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ സിപിഎമ്മിന് തുടർഭരണം ലഭിക്കില്ലെന്ന് ബജറ്റ് പ്രഖ്യാപനങ്ങൾ വിലയിരുത്തുമ്പോൾ മനസ്സിലാക്കാമെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ 10 വർഷം തുടർച്ചയായി ഭരിച്ചിട്ടും ജനക്ഷേമ പദ്ധതികൾ ഒന്നും നടപ്പാക്കാൻ സർക്കാരിനായിട്ടില്ല. ആസന്നമായ നിയമസഭ തിരഞ്ഞെടുപ്പിന് മുന്നെ സർക്കാർ ഉദ്യോഗസ്ഥർ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ട് മാസത്തിനപ്പുറം തിരഞ്ഞെടുപ്പ് വരാനിരിക്കെ ഈ ബജറ്റിൽ പ്രഖ്യാപിച്ച യാതൊന്നും നടപ്പാക്കേണ്ടിവരില്ലെന്നും അടുത്ത സർക്കാർ വീണ്ടും ബജറ്റ് അവതരിപ്പിക്കണമെന്നും ഇവിടുത്തെ ഓരോ സാധാരണക്കാരനും അറിയാം. പിണറായി വിജയന്റെ കിരാത ഭരണത്തിനെതിരെ അതിശക്തമായ ഭരണ വിരുദ്ധ വികാരമുണ്ടെന്ന് തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രകടമായതാണ്. സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്നതിന് ഉതകുന്ന ഒരു പദ്ധതി പോലും കൊണ്ടുവരാൻ സാധിക്കാത്ത ഈ സർക്കാർ ആറര ലക്ഷം കോടിയുടെ കടബാധ്യതയാണ് വരുത്തി വച്ചിരിക്കുന്നത്.

ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ അടുത്ത സർക്കാർ നടപ്പാക്കുന്നില്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷമായി കേരളത്തിൽ നിന്നും അപ്രത്യക്ഷമായ സമര കോലാഹലങ്ങൾ സിപിഎം വീണ്ടും പുറത്തെടുക്കും. മിനിമം വേതനം ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി സമരം നടത്തുന്ന സ്കൂൾ പാചക തൊഴിലാളികൾക്ക് 25 രൂപ മാത്രം വർദ്ധനവ് പ്രഖ്യാപിച്ച് ക്രൂരമായി വഞ്ചിച്ചിരിക്കുകയാണ്. കഴിഞ്ഞ പത്ത് വർഷവും സംസ്ഥാന സർക്കാരിന്റെ ഭരണനേട്ടമെന്ന് കൊട്ടിഘോഷിച്ച എല്ലാ പദ്ധതികളും കേന്ദ്രത്തിന്റേതായിരുന്നു വെന്ന് ജനങ്ങൾ മനസിലാക്കിയതിന്റെ ജാള്യത മറയ്ക്കാനാണ് ബജറ്റവതരണത്തിൽ ധനമന്ത്രി കടമെടുപ്പിന്റെ പേരിൽ കേന്ദ്രസർക്കാരിനെ കുറ്റപ്പെടുത്തിയത്. കടമെടുപ്പിന്റെ എല്ലാ പരിധിയും കഴിഞ്ഞപ്പോഴാണ് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയത്.

പത്ത് വർഷം തുടർച്ചയായി ഭരിച്ചിട്ടും കേന്ദ്രത്തിന്റെ പദ്ധതികളല്ലാതെ യാതൊന്നും സംസ്ഥാനത്ത് വന്നിട്ടില്ല. കേന്ദ്ര പദ്ധതികളുടെ പേര് മാറ്റി പുതിയ പേര് നൽകി തങ്ങളുടെ ഭരണ നേട്ടമാണെന്ന് മേനി നടിക്കുകയാണ് സിപിഎം. പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നതിന് സമരവും, പ്രകടന പത്രികയും ഇറക്കി ഭരണത്തിലേറി പത്ത് വർഷം പിന്നിടുമ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പേര് മാറ്റി അഷ്വേർഡ് പെൻഷൻ എന്നാക്കി വീണ്ടും സർക്കാർ ജീവനക്കാരെ വഞ്ചിക്കുകയാണ്. അടുത്ത തിരഞ്ഞെടുപ്പിൽ എൻഡിഎ സർക്കാർ അധികാരത്തിൽ വരുമെന്നും, ജനം അത് ആഗ്രഹിക്കുന്നു വെന്നും സാബു ജേക്കബ് പറഞ്ഞു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടം: കാമ്പയിനുമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

**കൊച്ചി:** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക കാമ്പയിനുമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ.

14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഒരു കാർഷിക പദ്ധതി എന്നതിലുപരി, കാമ്പസുകളിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം പോലെയുള്ള അനാരോഗ്യ ശീലങ്ങളിൽ നിന്നും വിദ്യാർത്ഥികളെ മുക്തരാക്കി, പ്രകൃതിയോടും കൃഷിയോടും സംസ്കാരത്തോടും അവരെ ചേർത്തു നിർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം ഇത്.

ഓരോ ജില്ലയിലും ശരാശരി 300 പോഷകത്തോട്ട യൂണിറ്റുകൾ വീതം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഹയർ സെക്കന്ററി സെക്കന്ററി വിഭാഗങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകും.

സംസ്ഥാന കൃഷിവകുപ്പിന്റെ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്. ഗ്രീൻ കേഡറ്റ് കോർപ്സ് തുടങ്ങിയ വിദ്യാർത്ഥി കൂട്ടായ്മകളുടെ നേതൃത്വത്തിലും പങ്കാളിത്തത്തിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

കുറഞ്ഞത് 10 സെന്റ് കൃഷിഭൂമിയെങ്കിലും ലഭ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കും. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബുട്ടാൻ, പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെയും കൃഷിവകുപ്പിന്റെയും അനുയോജ്യമായ മറ്റു പദ്ധതികളെക്കൂടി സംയോജിപ്പിച്ചായിരിക്കും നടപ്പിലാക്കുന്നത്.

## റാങ്ക് പട്ടിക റദ്ദായി

**കൊച്ചി:** ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ കാറ്റഗറി 551/2021) റാങ്ക് പട്ടിക റദ്ദായി. 2024 സെപ്റ്റംബർ 11ന് നിലവിൽ വന്ന പട്ടികയിലെ മുഖ്യപട്ടികയിലുള്ള അവസാന ഉദ്യോഗാർത്ഥിയെയും 2026 ജനുവരി 1ന് നിയമന ശിപാർശ ചെയ്തതോടെയാണ് പട്ടിക നിലവിലില്ലാതായത്. അവസാന നിയമനത്തിന് ആധാരമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത 2025 ഡിസംബർ 18 പ്രാബല്യത്തിലാണ് റാങ്ക് പട്ടിക റദ്ദാക്കപ്പെട്ടത്.

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെൻഡ്രൽ ഉടൻ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളായ കരിയർ ഓറിയന്റേഷൻ വിത്ത് ഇന്റഗ്രേറ്റഡ് പേഴ്സണാലിറ്റി ഡവലപ്മെന്റ് (2 മാസം, യോഗ്യത പ്ലസ്സ് 2), ഐറ്റി എനേബിൾഡ് ട്രെയിനിംഗ് (ഒരാഴ്ച, യോഗ്യത 8 ക്ലാസ്സ്) എന്നീ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കാം.

കൂടാതെ ഏകദിന ശില്പശാലകളായ ബേസിക് എഐ വർക്ക്ഷോപ്പ്, അഡ്വാൻസ്ഡ് എ ഐ വർക്ക് ഷോപ്പ്, എ ഐ റ്റൂൾസ് ഫോർ സ്കൂൾ സ്റ്റുഡൻസ്, ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ, അഡ്വാൻസ്ഡ് എം എസ് എക്സൽ എന്നിവയും ലഭ്യമാണ്. ഫോൺ: 8547005087, 04712050612 9496395544.

## പട്ടയം അനുവദിച്ചു

**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിലെ എറണാകുളം വില്ലേജിലെ സർവേ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ നിവാസികളായ 44 കൈവശക്കാർക്ക് പട്ടയം അനുവദിച്ചതായി ടി.ജെ വിനോദ് എം.എൽ.എ അറിയിച്ചു.1995ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21(II) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചാണ് ഈ തീരുമാനം നടപ്പിലാക്കുന്നത്. മുൻപ് വരുമാന പരിധി കൂടുതലാണ് എന്ന ലാൻഡ് & റവന്യു കമ്മീഷണർ റിപ്പോർട്ടിനെ തുടർന്ന് താമസക്കാർക്ക് പട്ടയം ലഭികാത്തിരുന്ന സാഹചര്യത്തിൽ താമസക്കാരുടെ യഥാർത്ഥ ശോച്യാവസ്ഥ എം.എൽ.എവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

## ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു

**തൃശ്ശൂർ:** തൃശ്ശൂർ ജില്ലാ വനിത ശിശു വികസന ഓഫീസും 'ഡിസ്ട്രിക്ട് സങ്കല്പ്: ഹബ് ഫോർ എംപവർമെന്റ് ഓഫ് വുമൺ' വിഭാഗവും സംയുക്തമായി അശ്വിനി ഹോസ്പിറ്റലിൽ ആരോഗ്യ പ്രവർത്തകർക്കായി പ്രത്യേക ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. 'ഹീലിംഗ് ആൻഡ് ഗാർഡിംഗ്: ചികിത്സയും നിയമസുരക്ഷയും കൈകോർക്കുമ്പോൾ' എന്ന ബോധവത്ക്കരണ പരിപാടി ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി കമനീഷ് കെ. ഉദ്ഘാടനം ചെയ്തു. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്കായി സംഘടിപ്പിച്ച പ്രത്യേക ഔട്ട്റീച്ച് പ്രോഗ്രാമിൽ അശ്വിനി ഹോസ്പിറ്റൽ എം.ഡി കെ.കെ സുഗതൻ അധ്യക്ഷത വഹിച്ചു.

ലൈംഗികാതിക്രമങ്ങൾ നേരിടുന്ന കുട്ടികളെ ചികിത്സിക്കുമ്പോൾ പാലിക്കേണ്ട നിയമപരമായ മുൻകരുതലുകളെയും റിപ്പോർട്ടിംഗ് നടപടികളെയും കുറിച്ച് പരിപാടിയിൽ വിശദമായ ചർച്ചകൾ നടന്നു.

തൃശ്ശൂർ ഡി.എം.ഒ ഡോ. ശ്രീദേവി എസ്, ജില്ലാ വനിത ശിശു വികസന ഓഫീസർ മീര പി. എന്നിവർ മുഖ്യാതിഥികളായി. അഡ്വ. സിമ്മി എ.എം. സാങ്കേതിക സെഷന് നേതൃത്വം നൽകി.

അശ്വിനി ഹോസ്പിറ്റൽ ജി.എം പി.കെ രാജു, ഹോസ്പിറ്റൽ ഭാരവാഹികളായ എം.യു ഉണ്ണിക്കൃഷ്ണൻ, എ.സി പ്രേമാനന്ദൻ, എ.എസ് ധർമ്മൻ, ഐ.എൻ രാജേഷ്, നഴ്സിംഗ് സൂപ്രണ്ട് ഉഷാറാണി, ജില്ലാ മിഷൻ കോർഡിനേറ്റർ വിൻസെന്റ് പി.ഡി, ഡിസ്ട്രിക്ട് ഹബ് സ്പെഷ്യലിസ്റ്റ് സുജിത്ത് ബി.എസ്. എന്നിവർ പങ്കെടുത്തു.

## കളക്ടറെ ആദരിച്ചു

**മലപ്പുറം:** ഭിന്നശേഷി മേഖലയിൽ കേരളത്തിന് മാതൃകയായ പദ്ധതികളിലൂടെ സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ പുരസ്കാരം കരസ്ഥമാക്കിയ മലപ്പുറം ജില്ലാ കളക്ടർ വി.ആർ വിനോദ് ഉൾപ്പെടെയുള്ളവരെ മലപ്പുറം ജില്ലാ പഞ്ചായത്ത് ആദരിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എ ജബ്ബാർ ഹാജി ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ജില്ലാ കളക്ടർ വി.ആർ വിനോദിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. ഭിന്നശേഷിക്കാർക്കുള്ള പി.എസ്.സി പരിശീലന ക്ലാസുകൾ, വിവിധ സംരംഭങ്ങൾ, സേവനങ്ങൾ എന്നിവ രാജ്യത്തിന് വഴികാട്ടുന്നതാണ്. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുന്നിലെത്തിക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ജില്ലയ്ക്ക് അവാർഡ് ലഭിച്ചതെന്ന് മറുപടി പ്രസംഗത്തിൽ ജില്ലാ കളക്ടർ വി. ആർ വിനോദ് പറഞ്ഞു. എല്ലാവരുടെയും പിന്തുണയുടെ ഫലമാണ് ജില്ലയ്ക്ക് അവാർഡ് ലഭിക്കാൻ കാരണമായത്. ഒരുമിച്ച് നിന്ന് പ്രവർത്തിച്ചതാണ് നേട്ടത്തിന് കാരണം. ഭിന്നശേഷിക്കാർക്കായി നടപ്പാക്കുന്ന പദ്ധതികളിൽ എല്ലാവരുടെയും പിന്തുണ ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി സ്മിജി അധ്യക്ഷത വഹിച്ചു.

ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ ഒരു ലക്ഷം രൂപയുടെ പുരസ്കാരമാണ് ഭിന്നശേഷി വിഭാഗത്തിനായി വേറിട്ട പ്രവർത്തനങ്ങൾ നടത്തിയതു വഴി മലപ്പുറം ജില്ലാ ഭരണകൂടം നേടിയത്. 'ഭിന്നശേഷി അവാർഡ് 2025' ഉന്നത വിദ്യാഭ്യാസസാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവാണ് പ്രഖ്യാപിച്ചത്. സംസ്ഥാനത്ത് 16 വിഭാഗങ്ങളിലായി ആകെ 30 പുരസ്കാരങ്ങളിൽ മികച്ച ജില്ലാ ഭരണകൂടത്തിനുള്ള അവാർഡ് ഉൾപ്പെടെ ആറ് പുരസ്കാരങ്ങൾ മലപ്പുറത്തിനാണ്.എ.ഡി.എം കെ. ദേവകി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ഷാഹിന നിയാസി, കെ.ടി അജ്മൽ, പി.കെ അസ്സു, സാമൂഹിക നീതിവകുപ്പ് അസി. ഡയറക്ടർ സി.കെ ഷീബ മുംതാസ്, സാമൂഹിക നീതി ഓഫീസർ സമീർ മച്ചിങ്ങൽ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. ബഷീർ എന്നിവർ സംസാരിച്ചു.

## സെലക്ഷൻ ട്രയൽസ്

**മലപ്പുറം:** കായിക യുവജനകാര്യ വകുപ്പിന്റെയും സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന വിവിധ സ്പോർട്സ് സ്കൂളുകൾ, സ്പോർട്സ് ഡിവിഷനുകൾ, ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിലേക്ക് 2026-27 അധ്യയന വർഷത്തെ അഡ്മിഷനുള്ള പ്രാഥമിക സെലക്ഷൻ 2026 ഫെബ്രുവരി ഒന്ന് മുതൽ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ നടക്കും. 6, 7, 8, 11 ക്ലാസ്സുകളിലേക്ക് കോമൺ സെലക്ഷനും, 9, 10 ക്ലാസ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിക്കായി സംസ്ഥാനതല മെഡൽ നേടിയവർക്കും സെലക്ഷനിൽ പങ്കെടുക്കാം.

ജില്ലയിൽ നിന്നുള്ള കായിക താരങ്ങൾക്ക് ഫെബ്രുവരി മൂന്നിന് എം.എസ്.പി കൂട്ടിലങ്ങാടി ഗ്രൗണ്ടിൽ സെലക്ഷൻ നടക്കും. ആർച്ചറി, അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ബോക്സിങ്, ക്രിക്കറ്റ് (വനിത) സൈക്ലിങ്, ഫെൻസിങ്, ഹാന്റ്ബോൾ, ഹോക്കി, ജൂഡോ, കബഡി, ഖൊ ഖൊ, നെറ്റ്ബോൾ സ്വിമ്മിങ്, തൈയ്കൊണ്ടോ, വോളീബോൾ, റസ്ലിംഗ് എന്നീ കായിക ഇനങ്ങളിലാണ് സെലക്ഷൻ നടത്തുന്നത്. താത്പര്യമുള്ളവർ ആധാർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, ഏത് ക്ലാസിൽ പഠിക്കുന്നുവെന്ന് തെളിയിക്കുന്നതിന് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകിയ സർട്ടിഫിക്കറ്റ്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ സഹിതം രാവിലെ 8.30 ന് എം.എസ്.പി കൂട്ടിലങ്ങാടി ഗ്രൗണ്ടിൽ എത്തണം. ഫോൺ9495243423.



## കിഡ്നിയിൽ നിന്നും നാല് കിലോഗ്രാം ഭാരമുള്ള മുഴ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തു

**കൊച്ചി:** ത്രീഡി ലാപ്രോസ്കോപ്പിക് (കീഹോൾ) ശസ്ത്രക്രിയയിലൂടെ, വൃക്കയിൽ രൂപപ്പെട്ട നാല് കിലോഗ്രാം ഭാരമുള്ള ഭീമാകാരമായ മുഴ (പോളിസിസ്റ്റിക് കിഡ്ണി) വിജയകരമായി നീക്കം ചെയ്ത് കൊച്ചി വി.പി.എസ് ലേക്ഷോർ ആശുപത്രി യൂറോളജി വിഭാഗം. 50 വയസുകാരനായ പുരുഷനിൽ 30 സെന്റീമീറ്റർ നീളത്തിലുള്ള പോളിസിസ്റ്റിക് കിഡ്ണിയാണ് അതിസങ്കീർണവും അപൂർവവുമായ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തത്. വൃക്കകളിൽ ദ്രാവകം നിറഞ്ഞ് മുഴകൾ രൂപപ്പെടുന്ന ഒരു രോഗമാണ് പോളിസിസ്റ്റിക് കിഡ്ണി ഡിസീസ്. ഇരുവൃക്കകളിലും ഇത്തരത്തിൽ കുമിളകൾ രൂപപ്പെട്ട് പ്രവർത്തനം തകരാറിലായ അവസ്ഥയിലായിരുന്നു രോഗി. വാരിയെല്ല് മുതൽ ഇടുപ്പ് വരെ ബാധിച്ച കുമിളകൾ കാരണം രോഗി വലിയ പ്രയാസത്തിലായിരുന്നു.

വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് മുന്നോടിയായാണ് ഈ കീഹോൾ സർജറി നടത്തിയത്. പരമ്പരാഗതമായി തുറന്ന ശസ്ത്രക്രിയയാണ് ഇത്തരം ഘട്ടങ്ങളിൽ നടത്താറുള്ളത്. എന്നാൽ, രോഗി അനുഭവിക്കേണ്ടി വരുന്ന വേദന കുറയ്ക്കുകയും രക്തസ്രാവം നിയന്ത്രിക്കുകയും വേഗത്തിൽ സുഖം പ്രാപിക്കാൻ സഹായിക്കുകയും ചെയ്യുന്ന കീഹോൾ ശസ്ത്രക്രിയ വി.പി.എസ് ലേക്ഷോറിലെ യൂറോളജി വിഭാഗം ഡോക്ടർമാർ തെരഞ്ഞെടുക്കുകയായിരുന്നു.

സാധാരണ ഗതിയിൽ പോളിസിസ്റ്റിക് കിഡ്ണി സർജറിക്ക് തുറന്ന ശസ്ത്രക്രിയയാണ് നടത്തിവരാറുള്ളതെന്ന് നേതൃത്വം നൽകിയ വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റും യൂറോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റ് മേധാവിയുമായ ഡോ. ഡാറ്റ്സൺ പി. ജോർജ് പറഞ്ഞു. പ്രത്യേകിച്ച് വൃക്ക സംബന്ധമായ ഗുരുതര തകരാറുള്ള രോഗികളിൽ. പൂർണ്ണമായും ലാപ്രോസ്കോപ്പിക് സംവിധാനം പോളിസിസ്റ്റിക് കിഡ്ണി ഡിസീസ് ശസ്ത്രക്രിയക്ക് ഉപയോഗിക്കുന്നതിന് ഉയർന്ന സാങ്കേതിക വൈദഗ്ധ്യം ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡോ. ഡാറ്റ്സൺ ജോർജിന്റെ നേതൃത്വത്തിൽ യൂറോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റ് വിഭാഗത്തിലെ ഡോ. ഗ്രിഗറി പത്രോസ്, ഡോ. എ.പി. കാർത്തി, ഡോ. ആദിൽ അബ്ദുള്ള, ഡോ. ജോയൽ, ഡോ. അരുൺ, ഡോ. സുഭാഷ്, അനസ്തേഷ്യ വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. മല്ലി എബ്രഹാം, അനസ്തേഷ്യ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജയ സൂസൻ ജേക്കബ് എന്നിവർ ശസ്ത്രക്രിയാ സംഘത്തിന്റെ ഭാഗമായിരുന്നു. മാനദണ്ഡങ്ങൾ കൃത്യവും സൂക്ഷ്മവുമായി പാലിച്ചുകൊണ്ടാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതെന്ന് ഡോക്ടർമാർ വ്യക്തമാക്കി.

രോഗിയുടെ രണ്ടാമത്തെ വൃക്കയിൽ ഏകദേശം 28 സെന്റീമീറ്റർ വലിപ്പമുള്ള മറ്റൊരു പോളിസിസ്റ്റിക് കിഡ്ണി അവശേഷിക്കുന്നുണ്ടെന്നും ഡോക്ടർമാർ പറഞ്ഞു. രണ്ടാമതൊരു ശസ്ത്രക്രിയക്ക് ആവശ്യമായ ആരോഗ്യസ്ഥിതി രോഗി കൈവരിക്കുന്ന ഘട്ടത്തിൽ ഇതും നീക്കം ചെയ്യാനാണ് പദ്ധതി. നിലവിൽ രോഗിയുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും മെഡിക്കൽ സംഘത്തിന്റെ തുടർച്ചയായ നിരീക്ഷണത്തിൽ സുഖം പ്രാപിച്ചുവരികയാണെന്നും ഡോക്ടർമാർ വ്യക്തമാക്കി. വിശദമായ ക്ലിനിക്കൽ പരിശോധനകൾക്ക് ശേഷമായിരിക്കും തുടർ ചികിത്സാ തീരുമാനങ്ങൾ എടുക്കുക.

## വായു ഗുണനിലവാര സൂചിക 200 കടക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമെന്ന് പഠനം

**കൊച്ചി:** വായു ഗുണനിലവാരം മോശമാകുന്നത് ശ്വാസകോശ രോഗങ്ങൾ, ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ, പ്രതിരോധശേഷി കുറയൽ തുടങ്ങിയ ഗുരുതര രോഗാവസ്ഥകളുടെ വർധനവിന് നേരിട്ട് കാരണമാകുന്നതായി പഠന റിപ്പോർട്ട്.

ടാറ്റ എഐജിയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ 60 ശതമാനത്തിലധികം ഡോക്ടർമാർ കരുതുന്നത് എയർ ക്വാളിറ്റി ഇൻഡക്സ് (എക്യുഐ) 200ന് മുകളിലാകുന്നത് ഗുരുതര ആരോഗ്യ അപകടമാണെന്നാണ്. ദീർഘകാലമായുള്ള മോശം വായു ഗുണനിലവാരം ബാധിക്കുന്നത് കുട്ടികളെയും പ്രായമായവരെയും മാത്രമല്ല, തൊഴിൽ ചെയ്യുന്ന മുതിർന്നവരെയും കൂടി ആയിരിക്കുമെന്നും അവർ ചൂണ്ടിക്കാട്ടി. മലിനീകരണവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ പലപ്പോഴും നിലവിലുള്ള രോഗങ്ങളെ ഗുരുതരമാക്കുന്നതായി ഡോക്ടർമാർ ചൂണ്ടിക്കാണിച്ചു, ഇത് ചികിത്സയുടെ സങ്കീർണ്ണതയും ചെലവും വർധിപ്പിക്കുന്നു. ഉയർന്ന എക്യുഐ നിലകൾ രക്തസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, പ്രമേഹം മുതലായവ പോലുള്ള നിലവിലുള്ള ദീർഘകാല രോഗങ്ങളെ വഷളാക്കുന്നത് ആശങ്കാജനകമാണെന്ന് സർവേയിൽ പങ്കെടുത്ത ഡോക്ടർമാരിൽ 78 ശതമാനം പേരും പറഞ്ഞു.

വർധിച്ചുവരുന്ന സാമ്പത്തിക പരാധീനതയുടെ ആഘാതത്തെയും പഠനം പ്രതിഫലിപ്പിക്കുന്നുണ്ട്. ഭൂരിഭാഗം ഡോക്ടർമാരും സൂചിപ്പിക്കുന്നത് എക്യുഐമൂലമുള്ള ഗുരുതര രോഗങ്ങൾ കാരണമുള്ള അടിയന്തര ആശുപത്രി പ്രവേശനത്തിനോ ഐസിയു താമസത്തിനോ വേണ്ട ചെലവുകൾ വഹിക്കാൻ ഏകദേശം 95 ശതമാനം രോഗികളും സാമ്പത്തികമായി ശേഷിയുള്ളവരല്ലെന്നും പഠനം വ്യക്തമാക്കുന്നു.



# ആർക്കിടെക്ട്സ് അഖിലേന്ത്യാ പ്രീമിയർ ലീഗിന് തുടക്കം

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർകിടെക്ട്സ് അഖിലേന്ത്യാ തലത്തിൽ നടത്തുന്ന പ്രീമിയർ ലീഗ് (ഐ ഐ എ പി എൽ 2026) 15ാം സീസൺ ആരംഭിച്ചു. കേരള വീൽ ചെയർ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ജിത്തു ജിതിൻ മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ ക്യാപ്റ്റൻമാർക്ക് ടീം പതാക കൈമാറി പ്രീമിയർ ലീഗ് ഉദ്ഘാടനം ചെയ്തു. ഐ ഐ എ കേരള ചാപ്റ്റർ ചെയർപേഴ്സൺ ആർ വിനോദ് സിറിയക്ക് മുഖ്യപ്രഭാഷണം നടത്തി. സീസൺ 15 ഐ ഐ എ പി എൽ മാർഗദർശി ആർ ജിതേന്ദ്ര മേത്ത സീസൺ 15 ഔദ്യോഗികമായി അവതരിപ്പിച്ചു. ഐ ഐ എ നാഷണൽ കൗൺസിൽ ട്രഷറർ ബി സുധീർ, സുധീഷ് സുധർമൻ, ഐ ഐ എ കേരള ചാപ്റ്റർ വൈസ് ചെയർപേഴ്സൺ മോണോലിറ്റ ചാറ്റർജി എന്നിവർ പ്രസംഗിച്ചു. ക്രിക്കറ്റ് മത്സരങ്ങൾ രാജഗിരി, സെന്റ് പോൾസ്, ഫിസാറ്റ്, ബൗണ്ടറി എന്നീ ക്രിക്കറ്റ് ഗ്രൗണ്ടുകളിലാണ് നടക്കുന്നത്. ബാസ്ക്കറ്റ് ബാൾ, ടെന്നീസ്, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് തുടങ്ങിയ മറ്റു കായിക ഇനങ്ങൾ കടവന്ത്ര രാജീവ്ഗാന്ധി റീജിയണൽ സ്പോർട്സ് സെന്ററിലാണ് നടക്കുന്നത്.

# കലൂർ രാജ്യാന്തര സ്റ്റേഡിയത്തിലെ ലഹരി ഇടപാടുകൾ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ വേണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** കലൂർ രാജ്യാന്തര സ്റ്റേഡിയവും പരിസരവും ലഹരി വ്യാപാരികളും ഇടപാടുകാരും സാമൂഹിക വിരുദ്ധരും കയ്യടക്കുകയാണെന്ന പരാതി ഉന്നത പോലീസ്എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സമഗ്രമായി അന്വേഷിച്ച് കർശനവും ഫലപ്രദവുമായ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു.

ജില്ലാ പോലീസ് മേധാവിയും (എറണാകുളം സിറ്റി) ജോയിന്റ് എക്സൈസ് കമ്മീഷണറും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, ജി.സി.ഡി.എ. സെക്രട്ടറി എന്നിവരുടെ സഹകരണത്തോടെ പരാതിയെകുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. വൈകുന്നേരങ്ങളിലും രാത്രികളിലും നടക്കുന്നതായി പറയപ്പെടുന്ന സാമൂഹികവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പഴുതടച്ച് നിയമപ്രകാരം നടപടിയെടുക്കണം. സിറ്റി പോലീസും എക്സൈസും പ്രദേശത്ത് പെട്രോളിംഗ് ശക്തമാക്കണം. സ്റ്റേഡിയത്തിലും പരിസരത്തുമുള്ള തെരുവുവിളക്കുകൾ പ്രകാശിക്കുന്നുണ്ടോയെന്ന് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ റാങ്കിൽ കുറയാത്ത പോലീസുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരിശോധന നടത്താൻ ജില്ലാ പോലീസ് മേധാവിക്ക് കമ്മീഷൻ നിർദ്ദേശം നൽകി. ഹൈമാസ്റ്റ് ലൈറ്റ് ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ കത്തുന്നില്ലെങ്കിൽ അത് പ്രവർത്തനക്ഷമമാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണം. ലിങ്ക് റോഡ്, മെട്രോ റെയിൽ പില്ലർ എന്നിവിടങ്ങളിലെ തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമല്ലെന്ന പരാതി പരിശോധിച്ച് തകരാർ അടിയന്തരമായി പരിഹരിക്കണം.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിയെടുത്ത ശേഷം ജില്ലാ പോലീസ് മേധാവി (സിറ്റി) യും ജോയിന്റ് എക്സൈസ് കമ്മീഷണറും പ്രത്യേകം റിപ്പോർട്ടുകൾ ഒരു മാസത്തിനകം കമ്മീഷനിൽ സമർപ്പിക്കണം. കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, ജി.ഡി.സി.എ. സെക്രട്ടറി എന്നിവരും ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. രാജ്യാന്തര സ്റ്റേഡിയത്തിന്റെ നടത്തിപ്പ് ജി.ഡി.സി.എ.യിൽ നിക്ഷിപ്തമാണോയെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കണം. ജില്ലാ പോലീസ് മേധാവിയെ പ്രതിനിധീകരിച്ച് എ.സി.പി. യും ജോയിന്റ് എക്സൈസ് കമ്മീഷണർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, ജി.സി.ഡി.എ. സെക്രട്ടറി എന്നിവരെ പ്രതിനിധീകരിച്ച് മുതിർന്ന ഉദ്യോഗസ്ഥരും മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം റസ്റ്റ് ഹൌസിൽ നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.

# രണ്ട് ലക്ഷത്തിലേറെ തൊഴിലവസരങ്ങൾ: വിജ്ഞാനകേരളം വെർച്വൽ തൊഴിൽ മേള 31 ന്

**മലപ്പുറം:** വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി നടക്കുന്ന വെർചൽ തൊഴിൽ മേള ജനുവരി 31ന് നടക്കം. താനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടക്കുന്ന മേള കായിക, ഹജ്ജ്, വഖഫ്, റയിൽവേ വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ജനുവരി 31ന് രാവിലെ 10ന് ഉദ്ഘാടനം ചെയ്യും.രണ്ട് ലക്ഷത്തിലധികം തൊഴിലവസരങ്ങളാണുള്ളത്. ജില്ലയിലെ എസ്.ഡി.പി.കെ സെന്ററുകളായ കുറ്റിപ്പുറം എം.ഇ.എസ് എഞ്ചിനീയറിങ് കോളേജ്, മഞ്ചേരി ഏറനാട് നോളഡ്ജ് സിറ്റി താനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലും വെർചൽ തൊഴിൽ മേള നടക്കും.

ഉദ്യോഗാർത്ഥികൾ സർക്കാർ പോർട്ടലായ ഡി.ഡബ്ല്യൂ.എം.എസ് മുഖേനയാണ് അപേക്ഷിക്കേണ്ടത്. സൗകര്യപ്രദമായ സെന്റർ തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പത്താം ക്ലാസ് യോഗ്യതയുള്ളവർക്കായി 2725 ഒഴിവുകൾ, ഐ.ടി.ഐ യോഗ്യതയുള്ളവർക്കായി 31984 ഒഴിവുകൾ, പ്ലസ് ടു യോഗ്യതയുള്ളവർക്കായി 7522 ഒഴിവുകൾ, ഡിപ്ലോമ യോഗ്യതയുള്ളവർക്കായി 19215 ഒഴിവുകൾ, ബിരുദധാരികൾ 9903 ഒഴിവുകൾ, ബിരുദധാരികൾ 3895 ഒഴിവുകൾ, ആരോഗ്യ മേഖലയിൽ 3000 ഒഴിവുകൾ ബിരുദാനന്തര ബിരുദധാരികൾക്കായി 22 ഒഴിവുകൾ എന്നിവയ്ക്ക് പുറമെ റിക്രൂട്ട്, ട്രെയിൻ ആൻഡ് ഡിപ്ലോയ് എന്ന പദ്ധതിയിലെ തൊഴിലൊഴിവുകളുമടക്കം രണ്ട് ലക്ഷത്തിലേറെ തൊഴിലൊഴിവുകളാണ് ഈ ആഴ്ചയിലെ മേളയിൽ ഒരുക്കിയിട്ടുള്ളത്. പൂർണ്ണമായും ഓൺലൈൻ രീതിയിലാണ് മേള നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ അതാത് ബ്ലോക്കുകളിലും നഗരസഭകളിലും പ്രവർത്തിക്കുന്ന ജോബ് സ്റ്റേഷനുകളിലും ഗ്രാമപഞ്ചായത്തുകളിലെ ഫെസിലിറ്റേഷൻ സെന്ററുകളിലും ലഭ്യമാണ്.

# സംസ്കൃത സർവ്വകലാശാലയിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ ഒഴിവ്; അവസാന തീയതി ഫെബ്രുവരി 10

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ സ്ഥാപനങ്ങളിൽ/സർവകലാശാലകളിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി നിശ്ചിത മാതൃകയിൽ അപേക്ഷിക്കാം. അപേക്ഷ, ബന്ധപ്പെട്ട വകുപ്പ് തലവൻ നൽകുന്ന എൻ ഒ സി, കെ എസ് ആർ പാർട്ട് ഒന്നിലെ 144ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഫാറം, ബയോഡേറ്റ എന്നിവ സഹിതം രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി ഒ, എറണാകുളം683 574 എന്ന വിലാസത്തിൽ ഫെബ്രുവരി 10ന് വൈകിട്ട് അഞ്ചിന് മുമ്പായി ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

# 302 ആശുപത്രികൾ ദേശീയ ഗുണനിലവാര അംഗീകാരത്തിൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ സംസ്ഥാനത്തെ ആകെ 302 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്. 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 176 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 45 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്. ഇത്രയും ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിലേക്ക് എത്തിയത് ആരോഗ്യ മേഖലയെ സംബന്ധിച്ച് വലിയ നേട്ടമാണ്. കൂടുതൽ ആശുപത്രികളെ എൻ.ക്യു.എ.എസ്. നിലവാരത്തിലേക്ക് ഉയർത്താനാണ് പരിശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം പൂവത്തൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം 91.45 ശതമാനം, തൃശൂർ എടവിലങ്ങ് കുടുംബാരോഗ്യ കേന്ദ്രം 97.79 ശതമാനം, തൃശൂർ മേത്തല കുടുംബാരോഗ്യ കേന്ദ്രം 91.41 ശതമാനം, തൃശൂർ അരിമ്പൂർ കുടുംബാരോഗ്യ കേന്ദ്രം 92.71 ശതമാനം, കോഴിക്കോട് കുണ്ടുപറമ്പ് നഗര പ്രാഥമികാരോഗ്യ കേന്ദ്രം 90.08 ശതമാനം, കോഴിക്കോട് ചെലവൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം 92.23 ശതമാനം, വയനാട് മേപ്പാടി കുടുംബാരോഗ്യ കേന്ദ്രം 97.19 ശതമാനം, കണ്ണൂർ ഒറ്റത്തൈ ജനകീയ ആരോഗ്യ കേന്ദ്രം 91.13 ശതമാനം, കണ്ണൂർ വെള്ളോറ ജനകീയ ആരോഗ്യ കേന്ദ്രം 90.77 ശതമാനം, കോട്ടയം മാഞ്ഞൂർ സൗത്ത് ജനകീയ ആരോഗ്യ കേന്ദ്രം 81.18 ശതമാനം, കണ്ണൂർ കൊയ്യോട് ജനകീയ ആരോഗ്യ കേന്ദ്രം 88.35 ശതമാനം, കോട്ടയം ഓമല്ലൂർ ജനകീയ ആരോഗ്യ കേന്ദ്രം 96.77 ശതമാനം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

കൂടാതെ 5 ആശുപത്രികൾക്ക് 3 വർഷത്തിന് ശേഷം നാഷണൽ എൻ.ക്യു.എ.എസ്. പുന:അംഗീകാരവും ലഭിച്ചു. കൊല്ലം ജില്ലാ ആശുപത്രി (എ.എ. റഹിം മെമ്മോറിയൽ) 96.18 ശതമാനം, തിരുവനന്തപുരം കരകുളം കുടുംബാരോഗ്യകേന്ദ്രം 95.23 ശതമാനം, കണ്ണൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം കൊളശ്ശേരി 93.66 ശതമാനം, കണ്ണൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം കൂവോട് 91.75 ശതമാനം, കാസർഗോഡ് കുടുംബാരോഗ്യ കേന്ദ്രം എണ്ണപ്പാറ 90.50 ശതമാനം എന്നിവയ്ക്കാണ് പുന:അംഗീകാരം ലഭിച്ചത്.

എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷത്തെ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ /നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകൾ

**തിരുവനന്തപുരം:** എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൈത്തൺ, ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ് & മലയാളം), കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് ആൻഡ് ജി.എസ്.ടി. യൂസിങ് ടാലി കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. എസ്.സി/ എസ്.ടി/ ഒ.ഇ.സി/ ഒ.ബി.സി (എച്ച്) വിദ്യാർത്ഥികൾക്ക് ഇഗ്രാന്റ്സ് മുഖേന ഫീസിളവ് ആനുകൂല്യം ലഭിക്കും. വിശദവിവരങ്ങൾക്ക്: http://lbscetnre.kerala.gov.in, 04712560333/ 9995005055.

# കൊച്ചിക്കാർ അനുഭവിക്കുന്നത് കുറഞ്ഞ തോതിലെ അനിശ്ചിതത്വം

**കൊച്ചി:** സാമ്പത്തിക സമ്മർദ്ദങ്ങൾ, ആരോഗ്യവുമായി ബന്ധപ്പെട്ട ആശങ്കകൾ, ജീവിതശൈലി വെല്ലുവിളികൾ, കൂടാതെ വ്യാപകമായ സാമൂഹിക സാമൂഹിക അസ്വാസ്ഥ്യങ്ങൾ എന്നിവ മൂലം ഇന്ത്യയിൽ അനിശ്ചിതത്വം ഉയർന്ന നിലയിൽ തുടരുകയാണ്. ഈ വിവിധ മേഖലകളിലായി ജീവിതത്തിൽ അനുഭവിക്കുന്ന അനിശ്ചിതത്വം വിലിയിരുത്തിയപ്പോൾ കൊച്ചിയുടെ സ്ഥാനം മികച്ചതെന്ന് ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് നടത്തിയ ദേശീയ സർവ്വേ ചൂണ്ടിക്കാട്ടുന്നു.

ഇതിനായി തയ്യാറാക്കിയ അനിശ്ചിത് സൂചികയിൽ കൊച്ചിയുടെ സൂചിക 65 ആണെങ്കിൽ ദേശീയ തലത്തിലുള്ളത് 79 ആണ്. ദക്ഷിണ മേഖലയുടെ സൂചിക 71 ആണെന്നും സർവ്വേ വ്യക്തമാക്കുന്നു. സാമ്പത്തിക, ആരോഗ്യ, സാമൂഹ്യ തലങ്ങളിലുള്ള സമ്മർദ്ദങ്ങളുടെ കാര്യത്തിൽ കൊച്ചി നിവാസികൾ അനുഭവിക്കുന്ന ദീർഘകാല ആത്മവിശ്വാസം കൂടിയാണ് ഇതു ചൂണ്ടിക്കാട്ടുന്നത്. വർധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ, ഉയർന്നുവരുന്ന ജീവിതച്ചെലവ്, ചികിത്സാപരമായ അടിയന്തര ആവശ്യങ്ങൾ തുടങ്ങിയവ ജനങ്ങളെ ആശങ്കയിലാക്കുന്ന പ്രധാന കാരണങ്ങളാണെന്നു സർവ്വേ ചൂണ്ടിക്കാട്ടുന്നു. വൈറസ് ബാധ, പെട്രോൾ-എത്തനോൾ വിഷയം പോലുള്ള നയപരമായ മാറ്റങ്ങൾ, മാനസികാരോഗ്യ വെല്ലുവിളികൾ തുടങ്ങിയവയും ആശങ്ക ഉയർത്തുന്ന വിഷയങ്ങളാണ്. മൂന്ന് ഇൻഷുറൻസ് പോളിസികൾ ഉള്ളവരിൽ ആശങ്കകൾ താരതമ്യേന കുറവാണെന്നും സർവ്വേ വ്യക്തമാക്കുന്നുണ്ട്. സാമ്പത്തിക സുരക്ഷ മുതൽ പരിസ്ഥിതിയും സാമൂഹിക ആശങ്കകളും വരെയുള്ള 11 വ്യത്യസ്ത മാനദണ്ഡങ്ങളിലായി 49 അഭിപ്രായങ്ങളെ സർവ്വേയുടെ ഭാഗമായി പരിഗണിച്ചത്. വിവിധ മേഖലകളുടെ അനിശ്ചിതത്വങ്ങളുടെ കാര്യത്തിൽ സ്ത്രീകളും പുരുഷൻമാരും സമാനമായ ചിന്താഗതികളാണ് ഇതിനിടെ പങ്കുവെച്ചത്.

# എഐ റെഡി സ്കൂൾ ക്യാമ്പയിനുമായി റിലയൻസ് ജിയോ

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കാലഘട്ടത്തിനായി സ്കൂൾ വിദ്യാർത്ഥികളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ, ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതിയായ 'എ ഐ റെഡി സ്കൂൾ' ക്യാമ്പയിൻ റിലയൻസ് ജിയോ കേരളത്തിൽ ആരംഭിച്ചു.

സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും ഉൾപ്പെടുത്തി ജിയോ എ ഐ ക്ലാസ്റൂം പദ്ധതിയിലൂടെ എ ഐ പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. രാജ്യമെമ്പാടുമുള്ള സ്കൂളുകൾ എ ഐ അധിഷ്ഠിത പഠനം വേഗത്തിൽ ക്ലാസ്റൂമുകളിൽ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ, വിദ്യാഭ്യാസ മേഖലയിലെ പഠനരീതികളിൽ വലിയ മാറ്റമാണ് ഉണ്ടാകുന്നത്.

ജിയോ എ ഐ ക്ലാസ്റൂം മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അധ്യാപകരെയും വിദ്യാർത്ഥികളെയും അടിസ്ഥാന എ ഐ നൈപുണ്യങ്ങളിൽ പരിശീലിപ്പിച്ച്, അവരെ യഥാർത്ഥ എ ഐറെഡി സ്കൂളുകളാക്കി മാറ്റുകയാണ്. സംരംഭത്തിന്റെ ഭാഗമായി, ജിയോ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എ ഐ ഫൗണ്ടേഷൻ കോഴ്സ് നടപ്പിലാക്കി അധ്യാപകരെയും വിദ്യാർത്ഥികളെയും പ്രായോഗിക എ ഐ കഴിവുകളും ഉപയോഗജ്ഞാനവും കൈവരിക്കാനുള്ള പരിശീലനം നൽകുന്നു.

ഇതിനകം സംസ്ഥാനത്തെ 755ലധികം സ്കൂളുകളിലും 104 കോളേജുകളിലും നടപ്പാക്കുകയും 2,350ലധികം അധ്യാപകർക്കും 6000 ത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

# സന്ദർശകർക്ക് ഇളവുമായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) മാസത്തിലെ ആദ്യത്തെയും മൂന്നാമത്തെയും തിങ്കളാഴ്ചകളിൽ കൊച്ചിമുസിരിസ് ബിനാലെ വേദികളിലെ സന്ദർശനം സൗജന്യമായിരിക്കുമെന്ന് പ്രഖ്യാപിച്ചു. ഫെബ്രുവരി മുതലാണ് ഇത് നടപ്പിൽ വരുന്നത്.

വിദ്യാർത്ഥികൾ, പ്രദേശവാസികൾ, സാധാരണക്കാർ തുടങ്ങിയവർക്ക് ഇന്ത്യയിലെ ഏറ്റവും വലിയ സമകാലിക കലാരൂപങ്ങൾ ആസ്വദിക്കാൻ തീരുമാനം സഹായകമാകും. എല്ലാവരെയും ഉൾക്കൊള്ളുന്നതും പൊതുജനങ്ങളിലേക്ക് കലയെ എത്തിക്കുന്നതുമായ ബിനാലെയുടെ നയത്തിന്റെ ഭാഗമായാണ് തീരുമാനമെന്ന് സംഘാടകർ അറിയിച്ചു.

എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന, കൊച്ചിയുടെ പൊതു സാംസ്കാരിക ഉത്സവമായാണ് തുടക്കം മുതൽ ഇതിനെ വിഭാവനം ചെയ്തിട്ടുള്ളതെന്നും ഫൗണ്ടേഷൻ വ്യക്തമാക്കി.

പുതിയ പ്രഖ്യാപനപ്രകാരം സൗജന്യ പ്രവേശനം അനുവദിച്ച തിങ്കളാഴ്ചകളിലേക്ക് മുൻകൂട്ടി ടിക്കറ്റ് എടുത്തവർക്ക് തുക നഷ്ടപ്പെടുമെന്ന ആശങ്ക വേണ്ടെന്ന് കെ.ബി.എഫ് അധികൃതർ അറിയിച്ചു. ബിനാലെ ടിക്കറ്റുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഫെബ്രുവരിയിലെ ഒന്നും മൂന്നും തിങ്കളാഴ്ചകളിലേക്ക് ടിക്കറ്റ് വാങ്ങിയവർക്ക് ആ ടിക്കറ്റുകൾ ബിനാലെയുടെ മറ്റേതൊരു ദിവസവും സന്ദർശനത്തിനായി ഉപയോഗിക്കാവുന്നതാണ്.

ഒരിക്കൽ സ്കാൻ ചെയ്തുകഴിഞ്ഞാൽ ഒരു ടിക്കറ്റിന് ഒരു ദിവസം മുഴുവൻ സാധുത ഉണ്ടായിരിക്കും. ആദ്യമായി സ്കാൻ ചെയ്യുന്നത് വരെ ഈ ടിക്കറ്റുകൾ ഏത് ദിവസവും ഉപയോഗിക്കാമെന്നത് സന്ദർശകർക്ക് സൗകര്യപ്രദമാകും.

അന്താരാഷ്ട്ര തലത്തിലുള്ള പല പ്രദർശനങ്ങളിലും കർശനമായ തീയതി നിബന്ധനകൾ ടിക്കറ്റുകളിൽ ഉള്ളപ്പോൾ, കൊച്ചി ബിനാലെയിൽ ആദ്യ പ്രവേശന സമയത്ത് മാത്രം ടിക്കറ്റ് സ്കാൻ ചെയ്യുന്ന രീതിയാണ് പിന്തുടരുന്നത്. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ബിനാലെ വേദികൾ സന്ദർശിക്കാൻ നിശ്ചയിച്ച ദിവസം അവിചാരിതമായി മാറ്റം വന്നാലും തുക നഷ്ടപ്പെടാതെ ടിക്കറ്റ് ഉപയോഗിക്കാം. ടിക്കറ്റുകൾ കൈമാറ്റം ചെയ്യാവുന്നതാണെന്നും ആദ്യത്തെ സ്കാനിംഗ് വരെ അവയ്ക്ക് സാധുതയുണ്ടാവുമെന്നും ഫൗണ്ടേഷൻ ആവർത്തിച്ചു.

# ക്രോംപ്ടൺ ഇന്ത്യക്ക് യൂറോമോണിറ്റർ അംഗീകാരം

**കൊച്ചി:** ക്രോംപ്ടൺ ഇന്ത്യക്ക് യൂറോമോണിറ്റർ അംഗീകാരം. യൂറോമോണിറ്റർ ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ സമഗ്രമായ ഗവേഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. യൂറോമോണിറ്ററിന്റെ ഡാറ്റാബേസ്, വിപുലമായ ഗവേഷണം, കമ്പനി വെളിപ്പെടുത്തലുകൾ, വിദഗ്ദ്ധ അഭിമുഖങ്ങൾ എന്നിവ സംയോജിപ്പിച്ച ശക്തമായ ഒരു രീതിശാസ്ത്രത്തിലൂടെയാണ് സീലിംഗ് ഫാൻ ബ്രാൻഡുകളെ വിലയിരുത്തിയത്.

# സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളുടെ പ്രദർശന വിപണന മേള ഫെബ്രുവരി 25 മുതൽ

**പാലക്കാട്:** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭങ്ങളുടെ പ്രദർശന വിപണന മേള ഫെബ്രുവരി 25 മുതൽ 28 വരെ നടക്കും.

ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന് സമീപത്തുള്ള മൈതാനത്താണ് മേള. ജില്ലയിലെ എം.എസ്.എം.ഇ സംരഭങ്ങൾക്ക് മേളയിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾ അതാത് താലൂക്ക് വ്യവസായ ഓഫീസുകളിൽ ലഭിക്കും. ഫോൺ: 9447477332 (പാലക്കാട്), 8089920899(ആലത്തൂർ), 9074394897(ചിറ്റൂർ), 9446950160(ഒറ്റപ്പാലം), 8921378859 (മണ്ണാർക്കാട്).

# റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3205 പ്രഥമ കോൺഫറൻസ് ഫെബ്രുവരിയിൽ

**കൊച്ചി:** റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3205ന്റെ പ്രഥമ കോൺഫറൻസ് 'റിനൈസൻസ് 2026' ഫെബ്രുവരി 21, 22 തിയ്യതികളിൽ നെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെന്ററിൽ നടക്കും. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകൾ ചേരുന്നതാണ് റോട്ടറി ഡിസ്ട്രിക്ട് 3205. സേവനം, സൗഹൃദം, നേതൃത്വം, സമൂഹമാറ്റം എന്നീ മൂല്യങ്ങൾ മുൻനിർത്തിയാണ് ഡിസ്ട്രിക്ട് കോൺഫറൻസ് രൂപകൽപന ചെയ്തിരിക്കുന്നത്. രണ്ട് ദിവസങ്ങളിലായി നടക്കുന്ന റിനൈസൻസ് 2026ൽ ആരോഗ്യം, ബിസിനസ്, വിദ്യാഭ്യാസം, മാധ്യമം, സിനിമ, സാമൂഹിക നേതൃത്വം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖ പ്രഭാഷകർ പങ്കെടുക്കും. മാധ്യമരംഗത്തെയും സിനിമ മേഖലയിലെയും ശ്രദ്ധേയ വ്യക്തിത്വങ്ങൾ വേദിയിലെത്തുമെന്ന് സംഘാടകർ അറിയിച്ചു. സമ്മേളനത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, സംഗീത വിനോദപരിപാടികൾ, ഫെല്ലോഷിപ്പ് നൈറ്റുകൾ എന്നിവ അരങ്ങേറും.

റോട്ടറി അംഗങ്ങൾക്ക് പുറമേ പൊതുജനങ്ങൾക്കും സംരംഭകർക്കും പ്രൊഫഷണലുകൾക്കും സമ്മേളനത്തിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാമെന്നും പഠനത്തിനും നെറ്റ് വർക്കിംഗിനും ബിസിനസ് അവസരങ്ങൾക്കും ഒരേ വേദിയിൽ അവസരം ഒരുക്കുകയാണ് റിനൈസൻസ് 2026 എന്നും റിനൈസൻസ് 2026 ചെയർമാൻ ടി എസ് ജയരാജ് അറിയിച്ചു. കോൺഫറൻസിൽ ബിസിനസ് സ്റ്റാളുകൾ, പരസ്യാവസരങ്ങൾ, സ്പോൺസർഷിപ്പ് പാക്കേജുകൾ എന്നിവയും ഒരുക്കിയിട്ടുണ്ടെന്നും കോർപ്പറേറ്റുകൾക്കും ബ്രാൻഡുകൾക്കും മികച്ച ദൃശ്യപ്രചാരം ലഭിക്കുമെന്നും സംഘാടകർ അറിയിച്ചു.

# അപേക്ഷകൾ ആരംഭിച്ചു

**കൊച്ചി:** അക്കാദമിക് വർഷത്തേക്കുള്ള ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ശിവ് നാടാർ യൂണിവേഴ്സിറ്റി ചെന്നൈ അപേക്ഷകൾ ക്ഷണിച്ചു. സർവകലാശാലയുടെ ഔദ്യോഗിക അഡ്മിഷൻ പോർട്ടൽ വഴിയാണ് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നത്. എഞ്ചിനീയറിംഗ്, കൊമേഴ്സ്, മാനേജ്മെന്റ്, സയൻസ്, ഹ്യൂമാനിറ്റീസ്, ലോ എന്നീ മേഖലകളിലായി ബി.ടെക്, ബി.കോം, ബി.എസ്സി ഇക്കണോമിക്സ് (ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി എന്നിവ ഉൾപ്പെടെ വിവിധ കോഴ്സുകളാണ് ലഭ്യമാകുന്നത്. പ്രവേശനം എസ്.എൻ.യു.സി.ഇ.ഇ പ്രവേശന പരീക്ഷയിലൂടെയായിരിക്കും. ഏപ്രിൽ 11, 2026 മുതൽ ഇന്ത്യയിലെ 14 കേന്ദ്രങ്ങളിലും ദുബായിലും പരീക്ഷ നടക്കും.

# എംഎസ്എംഇ മേഖലയ്ക്കായി ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** എംഎസ്എംഇ മേഖലയ്ക്കായി കേന്ദ്ര സർക്കാരിനു കീഴിലുള്ള എംഎസ്എംഇ മന്ത്രാലയത്തിന്റെ ഭാഗമായ നാഷനൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (എൻഎസ്ഐസി), സതേൺ ഇന്ത്യാ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (സിക്കി) എന്നീ സ്ഥാപനങ്ങൾ ചേർന്ന് കൊച്ചിയിൽ ട്രേഡ് എനേബ്ൾമെന്റ് ആൻഡ് മാർക്കറ്റിംഗ് (ടീം) ശിൽപ്പശാല സംഘടിപ്പിച്ചു.

ലോകബാങ്ക് ധനസഹായമുള്ള റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോർമൻസിന്റെ (റാംപ്) ഭാഗമായി എൻഎസ്ഐസിയുടെ ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ഒഎൻഡിസി) സംഘടിപ്പിച്ച ശിൽപ്പശാലയിൽ 75ലേറെ ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭകർ പങ്കെടുത്തു.

യുകോ ബാങ്ക് സോണൽ ഹെഡ് ഗജാനൻ പ്രധാൻ, എൻഎസ്ഐസി സോണൽ ഹെഡ് എം ശ്രീവത്സൻ, സിക്കി കേരള ചെയർമാൻ ഡോ. തോമസ് നെച്ചുപ്പാടം, സോൾ സൂത്രാസ് സ്ഥാപകയും എഴുത്തുകാരിയുമായ സംഗീത പിള്ള എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. സിക്കി ചാർട്ടർ മെംബർ രാജേഷ് നായർ, എൻഎസ്ഐസി കൊച്ചി ബ്രാഞ്ച് മാനേജർ ഗ്രേസ് റെജി എന്നിവർ പ്രസംഗിച്ചു. സീറോ കമ്മീഷൻ ഫുഡ് ടെക് പ്ലാറ്റ്ഫോമായ വായു പ്രതിനിധി ജോർജി ഫിലിപ്പ്, സോഹോ കോമേഴ്സ് ടെക്നോളജി പ്രതിനിധി രാഹുൽ ബാലാജി, ടാലി സൊലൂഷൻസ് കേരള റീജിയണൽ മാനേജർ സുജിത് കുമാർ ജെ. എന്നിവർ അവതരണങ്ങൾ നടത്തി.



# സമ്മിറ്റ് ഓഫ് ഫ്യൂച്ചർ രണ്ടാം പതിപ്പിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** വിജ്ഞാനവും സാങ്കേതികവിദ്യയും സർഗ്ഗാത്മകതയും ഒത്തുചേരുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ രണ്ടാം പതിപ്പിന് കൊച്ചിയിൽ തുടക്കമായി. കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം നിർവഹിച്ചു. സമ്മിറ്റ് കേവലം ഒരു അക്കാദമിക് പരീക്ഷണമല്ലെന്നും പൊതുസമൂഹത്തിന്റെ ആവശ്യമാണെന്നും കളക്ടർ പറഞ്ഞു.

ജെയിൻ യൂണിവേഴ്സിറ്റി ചാൻസലർ ഡോ. ചെൻരാജ് റോയ്ചന്ദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിലൂടെ മാത്രമേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസം പ്രാപ്തമാകു എന്നും ചാൻസിലർ അഭിപ്രായപ്പെട്ടു.

ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുരുന്തിൽ, ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ വേണു രാജാമണി, തൃക്കാക്കര നഗരസഭാ ചെയർമാൻ റാഷിദ് ഉള്ളമ്പിള്ളി, കിൻഫ്ര ഡയറക്ടർ സാബു ജോർജ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. ജെ. ലത തുടങ്ങിയവർ പങ്കെടുത്തു. ജനുവരി 29 മുതൽ ഫെബ്രുവരി 1 വരെ നീളുന്ന സമ്മിറ്റിൽ വിദ്യാഭ്യാസം, സാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ ഏഴ് പ്രധാന മേഖലകളിലായി ഇരുന്നൂറിലധികം സെഷനുകളാണ് ക്രമീകരിച്ചിരിക്കുന്നത്. നാനൂറിലധികം അന്താരാഷ്ട്ര വിദഗ്ധർ പങ്കെടുക്കുന്ന സംഗമത്തിൽ രണ്ട് ലക്ഷത്തിലധികം സന്ദർശകരെയാണ് പ്രതീക്ഷിക്കുന്നത്. കൊച്ചിയിൽ ആദ്യമായി അവതരിപ്പിക്കപ്പെടുന്ന നാല് ദിവസത്തെ ഡ്രോൺ ഷോ സമ്മിറ്റിന്റെ പ്രധാന ആകർഷണമായിരിക്കും.

ലോകോത്തര വാഹനങ്ങൾ അണിനിരക്കുന്ന ഓട്ടോ എക്സ്പോ, റോബോട്ടിക്സ് സാങ്കേതികവിദ്യയുടെ 'റോബോവേഴ്സ്', ഇസ്പോർട്സ് മത്സരങ്ങൾ, ഉത്സവപ്പറമ്പുകളുടെ പ്രതീതി നൽകുന്ന ഫെസ്റ്റിവൽ വില്ലേജ് എന്നിവയും സമ്മിറ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. വരും ദിവസങ്ങളിൽ ജോണിറ്റ ഗാന്ധി, നികിത ഗാന്ധി, അറിവ് തുടങ്ങിയ പ്രമുഖ കലാകാരന്മാർ അണിനിരക്കുന്ന സംഗീത നിശകളും അരങ്ങേറും.

# ബിൽഡ് ഫോർ ഇന്ത്യയുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** പുതുതലമുറയിലെ സ്വയംനിയന്ത്രിത നിർമ്മിതബുദ്ധി (എഐ) സംവിധാനങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'ബിൽഡ് ഫോർ ഇന്ത്യ' ഏജന്റിക് എഐ ഹാക്കത്തോൺ പ്രഖ്യാപിച്ചു. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ ദേശീയതല ഹാക്കത്തോൺ രാജ്യത്തെ തന്നെ ഏറ്റവും വലിയ മത്സരമാകും. ഫെബ്രുവരി 27, 28 തീയതികളിൽ കൊച്ചിയിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ വച്ചാണ് പരിപാടി. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എഐ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, ഗവേഷകർ, എഐ വൈദഗ്ധ്യമുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രായോഗികമായ ഏജന്റിക് എഐ പരിഹാരങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിക്കും. മനുഷ്യന്റെ ഇടപെടൽ കുറച്ചുകൊണ്ട് കാര്യങ്ങൾ ആസൂത്രണം ചെയ്യാനും തീരുമാനങ്ങൾ എടുക്കാനും സ്വയം പ്രവർത്തിക്കാനും പഠിക്കാനും കഴിവുള്ള അത്യാധുനിക എഐ സംവിധാനങ്ങളെയാണ് ഏജന്റിക് എഐ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. നിർമ്മിത ബുദ്ധിയുടെ അടുത്ത പടിയായ സ്വയം പ്രവർത്തിക്കുന്ന എഐ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഹാക്കത്തോണിലൂടെ കെഎസ് യുഎം ലക്ഷ്യമിടുന്നത്.

സ്വയം പ്രവർത്തിക്കുന്ന ടാസ്ക് ഏജന്റുകൾ, തൊഴിൽ ഓട്ടോമേറ്റ് ചെയ്യുന്ന സംവിധാനങ്ങൾ, പൊതുസേവന രംഗത്തെ പ്രായോഗിക എഐ മാതൃകകൾ, സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്ന ടൂളുകൾ മേഖലകളിലാകും ഹാക്കത്തോൺ ഊന്നൽ നൽകുന്നത്. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ടീമുകൾക്ക് 20 ലക്ഷം രൂപ വീതം ധനസഹായം ലഭിക്കും. പുറമെ ഹാക്കത്തോണിന് ശേഷമുള്ള ഇൻകുബേഷൻ സൗകര്യം, മെന്റർഷിപ്പ്, വ്യവസായ മേഖലയിലെ പ്രമുഖരുമായുള്ള ആശയവിനിമയം, സ്റ്റാർട്ടപ്പ് മിഷൻ വഴിയുള്ള ഫണ്ടിംഗ് അവസരങ്ങൾ എന്നിവയും വിജയികൾക്ക് ലഭ്യമാകും. എഐ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പ് ടീമുകൾ, ഡാറ്റാ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ പഠനം നടത്തുന്നവർ എന്നിവരടങ്ങുന്ന രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള ടീമുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം. രാജ്യവ്യാപകമായി ടീമുകൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടെങ്കിലും ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്കാകും അവസരം ലഭിക്കുന്നത്. താൽപ്പര്യമുള്ളവർക്ക് buildforindia.startupmission.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്.

CSB Bank
Trusted Heritage Smart Future

# സിഎസ്ബി ബാങ്കിന്റെ അറ്റാദായം 153 കോടി രൂപ

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിൽ സിഎസ്ബി ബാങ്കിന്റെ അറ്റാദായം 153 കോടി രൂപയിലെത്തി. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലിത് 152 കോടി രൂപയായിരുന്നു. പ്രവർത്തന ലാഭം വാർഷികാടിസ്ഥാനത്തിൽ 32 ശതമാനം വർധനവോടെ 292 കോടി രൂപയിലെത്തി. ത്രൈമാസാടിസ്ഥാനത്തിലെ വർധനവ് അഞ്ചു ശതമാനമാണ്. ബാങ്കിന്റെ ആകെ നിക്ഷേപം 21 ശതമാനം വാർഷിക വർധനവോടെ 33,407 കോടി രൂപയിൽ നിന്നും 40,460 കോടി രൂപയിൽ എത്തിയതായും ആകെ വായ്പകൾ 28 ശതമാനം വാർഷിക വർധനവോടെ 28,639 കോടി രൂപയിൽ നിന്നും 36,677 കോടി രൂപയിലെത്തിയതായും 2025 ഡിസംബർ 31ലെ കണക്കുകൾ വ്യക്തമാക്കുന്നു. റീട്ടെയിൽ രംഗത്തെ വളർച്ച നിർണായകമാകുന്ന പശ്ചാത്തലത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ തങ്ങൾ വൻ തോതിലുള്ള വളർച്ചയ്ക്ക് തയ്യാറെടുക്കുകയാണെന്ന് ബാങ്ക് മാനേജിങ് ഡയറക്ടർ, സിഇഒ എന്നിവർ പറഞ്ഞു. ഇതിന്റെ ഭാഗമായി ഡിജിറ്റൽ രംഗത്ത് പുത്തൻ നീക്കങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. നിരവധി സേവനങ്ങളും ഇതിന്റെ ഭാഗമായി അവതരിപ്പിക്കും. എസ്ബിഎസ് വിഷൻ 2030 ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ത്രൈമാസത്തിലും പുരോഗമനപരമായ മെച്ചപ്പെടുത്തലുകളാണ് തങ്ങളുടെ ലക്ഷ്യമെന്നും മാനേജിങ് ഡയറക്ടർ വ്യക്തമാക്കി.

